**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 69** **07-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് പുനരധിവാസ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട്ടിൽ ഉണ്ടായ പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് വയനാട് പുനരധിവാസ പാക്കേജ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ പുനരധിവാസത്തിനായി സർക്കാർ പ്രതീക്ഷിക്കുന്ന ചെലവുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ദുരിത ബാധിതരായവർക്ക് വേണ്ടിയുള്ള വീടുകൾ, കൃഷി ചെയ്യാനുള്ള സ്ഥലം, കൂടാതെ മറ്റ് അടിസ്ഥാന ആവശ്യങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ടൗൺഷിപ്പ് മാതൃകയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിനായി 2262 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്.<br><br>കേന്ദ്രസഹായത്തിനായി കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായി മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിച്ചുവെങ്കിലും ദുരന്തത്തിന്റെ ഭാഗമായി ലഭിക്കേണ്ട പ്രത്യേക ധനസഹായം ഇതുവരെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രത്യേക ധനസഹായം എത്രയും വേഗം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ 30-10-2024 ന് മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത പാക്കേജ് അടിയന്തര പ്രാധാന്യത്തോടെ സമർപ്പിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഫണ്ട് ലഭ്യമാക്കി ദുരന്തബാധിതരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ പുനരധിവാസത്തിനായി സർക്കാർ പ്രതീക്ഷിക്കുന്ന ചെലവുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ദുരിത ബാധിതരായവർക്ക് വേണ്ടിയുള്ള വീടുകൾ, കൃഷി ചെയ്യാനുള്ള സ്ഥലം, കൂടാതെ മറ്റ് അടിസ്ഥാന ആവശ്യങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ടൗൺഷിപ്പ് മാതൃകയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിനായി 2262 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്.<br><br>കേന്ദ്രസഹായത്തിനായി കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായി മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിച്ചുവെങ്കിലും ദുരന്തത്തിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി ലഭിക്കേണ്ട പ്രത്യേക ധനസഹായം ഇതുവരെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രത്യേക ധനസഹായം എത്രയും വേഗം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ 30-10-2024 ന് മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ